(ബി) 1998-99 സാമ്പത്തിക വർഷം 152 ബ്ലോക്ക് പഞ്ചായത്തുകളിൽ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ഹൗസിംഗ് ബോർഡ് എന്നിവിടങ്ങളിൽ മാറ്റി വച്ച തുക ഇനി പറയും പ്രകാരമാണ്.

കെ.എസ്.ഇ.ബി.	-	26875857 രൂപ
വാട്ടർ അതോറിറ്റി	-	9119177 രൂപ
ഹൗസിംഗ് ബോർഡ്	-	39724010 രൂപ

ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ മാറ്റിവച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

104 (684) ത്രിതല പഞ്ചായത്തുകൾക്ക് ഫണ്ട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം എന്തെല്ലാം ഉപാധിരഹിത ഫണ്ട് നൽകിയിട്ടുണ്ട്;

(ബി) ഈ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള കാലാവധി എത്ര പ്രാവശ്യം ദീർഘിപ്പിച്ചിട്ടുണ്ട്;

(സി) കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-97-ലെ സംസ്ഥാന ബഡ്ജറ്റിൽ പഞ്ചായത്തുരാജ് സ്ഥാപനങ്ങൾക്ക് അനുവദിച്ച 143 കോടി രൂപയ്ക്ക് പുറമേ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 3.04 കോടി രൂപ കൂടി ഉപാധിരഹിത ഫണ്ട് ആയി അനുവദിച്ചിട്ടുണ്ട്.

(ബി) എട്ട്.

(സി) ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിടം നിർമ്മാണത്തിനാണ് കൂടുതൽ തുകയും അനുവദിച്ചിരിക്കുന്നത്. കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായ സാഹചര്യത്തിൽ ആണ് കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടിവന്നത്.

105 (685) ത്രിതല പഞ്ചായത്തുകൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം നീക്കിവച്ച തുക

ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം എന്തു തുക ഓരോ വർഷവും നീക്കിവച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly